കാസർകോഡ് ഡിവിഷൻ

ചെമ്പരിക്ക, അടുക്കത്ത് കായൽ എന്നീ പ്രദേശങ്ങളിൽ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കടൽഭിത്തി നിർമ്മാണം

60 (2338) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽപ്പെട്ട തീരദേശ മേഖലയിലെ ആയികുന്നൽ കായത്തോപ്പ് ഗാർഫിൽ നഗർവരെ കടൽഭിത്തി തകർന്ന് നിരവധി വീടുകൾ കടലിനിരയായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിലവിലുള്ള കടൽഭിത്തി ബലപ്പെടുത്തുവാനും, കൊളത്തിൽപ്പാട്, ആദിച്ചൻതോപ്പ് പി.എം.ആർ. ആശുപത്രിക്ക് സമീപം എന്നിവിടങ്ങളിൽ പുതുതായി കടൽഭിത്തി കെട്ടുവാനും അടിയന്തര നടപടി കൈക്കൊള്ളുമോ ;

(സി) കാലാകാലങ്ങളിൽ ഈ പ്രദേശത്ത് ഉണ്ടാകുന്ന കടലാക്രമണം തടയുവാൻ പുലിമുട്ട് സ്ഥാപിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) താന്നിയിൽ നിലവിലുള്ള കടൽഭിത്തിയുടെ രണ്ട് പുനരുദ്ധാരണ പണിയും പി.എം.ആർ. ആശുപത്രിക്ക് സമീപം നിലവിലുള്ള കടൽഭിത്തിയുടെ മൂന്ന് പുനരുദ്ധാരണ പണികളും നടന്നുവരുന്നു. ഇതിനുപുറമേ താന്നിയിൽ ചെയിനേജ് 6.310 കി.മീ. മുതൽ 6.390 കി.മീ. വരെ നിലവിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണ പണിക്ക് ദർഘാസ് വിളിച്ചിട്ടുണ്ട്.

(സി) കടലാക്രമണം ചെറുക്കുന്നതിന് മുൻകാലത്ത് സ്ഥാപിച്ച പുലിമുട്ടുകൾ വളരെ പെട്ടെന്ന് നശിക്കുകയുണ്ടായി. തീരപ്രദേശത്തെ മണ്ണൊലിപ്പിന് കാരണമാകുന്നതിനാലും ഇതര ഭാഗങ്ങളിൽ കടലാക്രമണം രൂക്ഷമാകുന്നതിനാലും 1964-ൽ പുലിമുട്ടു നിർമ്മാണം നിർത്തലാക്കുകയും ചെയ്തിരിക്കുന്നതിനാൽ പുലിമുട്ട് സ്ഥാപിക്കുവാൻ നിർവ്വാഹമില്ല.

ഇരവിപുരം കടൽത്തീരത്ത് പുലിമുട്ട് സ്ഥാപിക്കാൻ നടപടി

61 (2339) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കടലാക്രമണംമൂലം തുടർച്ചയായി നാശനഷ്ടം ഉണ്ടാകുന്ന ഇരവിപുരം തീരപ്രദേശത്ത് പുലിമുട്ട് സ്ഥാപിക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കടലാക്രമണം ചെറുക്കുന്നതിന് മുൻകാലത്ത് സ്ഥാപിച്ച പുലിമുട്ടുകൾ വളരെ പെട്ടെന്ന് നശിക്കുകയുണ്ടായി. തീരപ്രദേശത്തെ മണ്ണെലിപ്പിന് കാരണമാകുന്നതിനാലും ഇതരഭാഗങ്ങളിൽ രൂക്ഷമായ കടലാക്രമണം സംഭവിക്കുന്നതിനാലും പുലിമുട്ട് നിർമ്മാണം 1964-ൽ നിർത്തലാക്കുകയും ചെയ്തിരിക്കുകയാണ്.

കോയവളപ്പ് പ്രദേശത്ത് കടൽഭിത്തി

62 (2340) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ മണ്ഡലത്തിലെ കോയവളപ്പ് പ്രദേശത്ത് കടൽഭിത്തി കെട്ടണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ ;

(ബി) കപ്പക്കൽ ഭാഗത്ത് കെ.ഇ.ആർ.ഐ. 2875-നും കെ.ഇ.ആർ.ഐ. 2897-നും ഇടയിൽ 1750 മീറ്റർ നീളത്തിൽ കടൽഭിത്തി പണിയുന്ന പ്രവൃത്തിയുടെ മൂന്നാംഘട്ട പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ ;

(സി) കോയവളപ്പ് ഉൾപ്പെടുന്ന മൂന്നാംഘട്ട പ്രവൃത്തിക്ക് കടലാക്രമണം രൂക്ഷമായ സാഹചര്യത്തിലും കോയവളപ്പ് മാറാട് പ്രദേശത്തോടനുബന്ധിച്ച് കിടക്കുന്ന സ്ഥലമെന്ന പരിഗണന നൽകിയും സാങ്കേതികാനുമതി നൽകി പ്രവൃത്തി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കടൽഭിത്തി കെട്ടുന്ന പ്രവൃത്തിക്ക് ധനകാര്യ കമ്മീഷൻ തുക അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക ചെലവ് ചെയ്തതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയിലാണ്. പ്രവൃത്തിക്ക് സാങ്കേതികാനുമതിക്കുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ഉണ്ട്. പണി പൂർത്തീകരിച്ചതും പണം നൽകിയതുമായ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്†.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly